തിരുമുല്പാട് ഫൗണ്ടേഷൻ

# വൈദ്യസംവാദം

ഡിസംബർ 2021 - മാർച്ച് 2022
(സംയുക്തലക്കം)



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# ബ്രഹ്മശ്രീ ചോലയിൽ കുഞ്ഞുമാമിവൈദ്യൻ

ഡോ. കെ. ദേവീകൃഷ്ണൻ
ചീഫ് സബ് എഡിറ്റർ, പബ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റ്
ആര്യവൈദ്യശാല, കോട്ടയ്ക്കൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടത്തിലുമായിരുന്നു ശ്രീ കുഞ്ഞുമാമിവൈദ്യന്റെ ജീവിതകാലം. 1865 ഡിസംബർ 15നാണ് ചോലയിൽ കുഞ്ഞുമാമിയുടെ ജനനം. നാട്ടിക ഫർക്കയിലെ വാലിപ്പറമ്പിൽ എന്ന പുരാതന പ്രസിദ്ധമായ ഈഴവകുടുംബത്തിൽനിന്ന് വേർപിരിഞ്ഞുപോന്ന ഒരുതാവഴിയാണ് ചോലയിൽ. പ്രസിദ്ധവൈദ്യന്മാർ ആ കുടുംബത്തിലുണ്ടായിട്ടുണ്ട്. ചോലയിൽ രാമൻവൈദ്യരുടെയും ശ്രീമതി ലക്ഷ്മിയുടെയും പുത്രനാണ് കുഞ്ഞുമാമി. ചോലയിൽത്തറവാട്ടിലെ പ്രസിദ്ധവൈദ്യനായിരുന്നു രാമൻവൈദ്യൻ. സംസ്കൃതവും സഹസ്രയോഗവും രാമൻവൈദ്യർ ചെറുപ്രായത്തിൽത്തന്നെ മകനെ പഠിപ്പിച്ചു. ഗുരുകുലവിദ്യാഭ്യാസരീതിയിൽ ആയിരുന്നു കുഞ്ഞുമാമിയുടെ പഠനം. ശിക്ഷ, വ്യാകരണം, ച്ഛന്ദസ്സ്, നിരുക്തം, കല്പം, ജ്യോതിഷം തുടങ്ങി ആറു വേദാംഗങ്ങളിലും അറിവ്നേടി. സിദ്ധരൂപം, അമരകോശം, ബാലപ്രബോധം എന്നിവ ചെറുപ്രായത്തിൽത്തന്നെ മന:പ്പാഠമാക്കി. കൊച്ചി ദേശക്കാരനായിരുന്ന ഒരു പണിക്കരായിരുന്നു ഗുരുനാഥൻ. പുത്രന്റെ പഠനകാര്യത്തിലും സ്വഭാവരൂപീകരണത്തിലും മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഒരിക്കൽ ബന്ധുവായ പൊക്കാഞ്ചേരി ചന്തുവൈദ്യർ എന്ന പ്രസിദ്ധ ചികിത്സകൻ ചോലയിൽ തറവാട്ടിലെത്തിയപ്പോൾ കുഞ്ഞുമാമിയോട് വൈദ്യം പഠിക്കാൻ താല്പര്യമുണ്ടോ എന്ന് ചോദിച്ചു. പാരമ്പര്യം കാത്തുസൂക്ഷിക്കാൻ വൈദ്യവൃത്തിയാണ് നല്ലത് എന്ന് കുഞ്ഞുമാമി തിരിച്ചറിഞ്ഞു. ആയില്യം തിരുനാളിന്റെ ചികിത്സകനായിരുന്നു ചന്തുവൈദ്യർ. കോഴിക്കോട്നിവാസിയായ ചന്തുവൈദ്യരുടെ പ്രസിദ്ധി വർധിച്ചപ്പോൾ വലപ്പാട് ദേശത്തുള്ളവർ അദ്ദേഹത്തോട്

വലപ്പാടുവന്ന് താമസിക്കുവാൻ അഭ്യർത്ഥിച്ചു. നാട്ടുകാരുടെ അഭ്യർത്ഥനപ്രകാരം അദ്ദേഹം വലപ്പാടുവന്ന് സ്ഥിരതാമസമാക്കി. അദ്ദേഹത്തിന് ധാരാളം ശിഷ്യന്മാർ ഉണ്ടായിരുന്നു. തിരുവിതാംകൂർ കൊട്ടാരത്തിൽനിന്നുപോലും അദ്ദേഹത്തെ അന്വേഷിച്ചു വലപ്പാട്ടെത്തിയിരുന്നുവത്രെ. അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം, ചരകം, സുശ്രുതം, ഭാവപ്രകാശം, ശാർങ്ഗധരസംഹിത, ഭൈഷജ്യരത്നാവലി, രസരത്നസമുച്ചയം തുടങ്ങിയ ആധികാരികഗ്രന്ഥങ്ങളിലുള്ള ആയുസ്സിന്റെ ശാസ്ത്രത്തിലുള്ള അറിവുകൾ ശിഷ്യന് പകർന്നു നൽകി ചന്തുവൈദ്യർ. പഠനകാലത്തുതന്നെ കുഞ്ഞുമാമി കൂടെയുള്ളവരെ വൈദ്യം പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ടിരുന്നു.

ഗുരുകുലവിദ്യാഭ്യാസശേഷം കുഞ്ഞുമാമി ചികിത്സാവൃത്തിയിൽ ഏർപ്പെട്ടു. ദേഹമാസകലം ചൊറിഞ്ഞു തടിച്ചുവന്ന ഒരു രോഗിക്ക് നിർദ്ദേശിച്ച ചികിത്സ ഇപ്രകാരമായിരുന്നു. പ്ലാവിൽനിൽക്കുന്ന ഉണങ്ങിയ ചക്ക ഞെട്ടികരിച്ചു കഴിക്കുക. അതുതന്നെ അരച്ച് പുരട്ടുകയും ചെയ്യുക. ധാരാളം മൂത്രം ഒഴിഞ്ഞുപോയി രോഗിക്ക് ചൊറിച്ചിൽ മാറിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. അപചിരോഗത്തിൽ ലഘുമഞ്ജിഷ്ഠാദികഷായത്തിൽ മഞ്ഞമന്ദാരവും നീർമാതളവേരും ചേർത്ത കഷായം സേവിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. ബ്രഹ്മിനീരിൽ കാഞ്ഞിരക്കുരു ചേർത്ത് എണ്ണകാച്ചി തലക്കുതേക്കാനും.

ഒന്നരവയസ്സുള്ള ഒരു കുട്ടിക്ക് പക്ഷാഘാതംപോലെ ഒരുവശം തളർന്നതിന് അഷ്ടവർഗ്ഗം കഷായം കുറഞ്ഞമാത്രയിൽ സേവിപ്പിക്കുകയും ദേഹത്ത് തേപ്പിക്കുവാൻ പ്രസാരിണിനീര്, മണ്ണിര എന്നിവ ചേർത്ത് നിർമ്മിച്ച തൈലവും കൊടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു മഹോദരരോഗിക്ക് നിർദ്ദേശിച്ചത് ദശമൂലപഞ്ചകോലാദികഷായത്തിൽ ചെമ്പ് നീറ്റിയതുചേർത്ത് സേവിക്കാനായിരുന്നു. പ്രമേഹരോഗത്തിൽ ഒരുരോഗിക്ക് മഞ്ഞൾ, നെല്ലിക്ക, ഏകനായകം എന്നിവ പൊടിച്ച പൊടിയിൽ അഭ്രഭസ്മം ചേർത്ത് കഴിക്കാനായിരുന്നു നിശ്ചയിച്ചത്. ഒരു തമകശ്വാസരോഗിക്ക് ദശമൂലശഠീരാസ്നാദികഷായമാണ് നിർദ്ദേശിച്ചത്. (കൂവളവേരിനു പകരം പൊന്നാവീരം ചേർത്ത്)

ക്ഷയരോഗത്തിൽ അദ്ദേഹത്തിന്റെ സ്വർണ്ണഭസ്മപ്രയോഗം നിരവധി രോഗികൾക്ക് ആരോഗ്യം വീണ്ടെടുക്കാൻ സഹായിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. രസൗഷധങ്ങൾ കൊണ്ടുള്ള ചികിത്സയിലും വിദഗ്ദ്ധനായിരുന്നു അദ്ദേഹം. വൈദ്യഗുരുവിന് അസുഖം ബാധിച്ച

പ്പോൾ അദ്ദേഹത്തെ ശുശ്രൂഷിച്ചത് ശിഷ്യനായ കുഞ്ഞുമാമിയായിരുന്നു. വിവിധദേശങ്ങളിൽ രോഗികളെ ചികിത്സിക്കാൻ പോകുമ്പോൾ ആ പ്രദേശങ്ങളിൽ വളരുന്ന ഔഷധച്ചെടികൾ ശേഖരിക്കുകയും ശിഷ്യന്മാർക്ക് അവയുടെ ഗുണങ്ങൾ വിശദീകരിച്ചുകൊടുക്കുകയും ചെയ്തിരുന്നു.

ഗുരുകുലരീതിയിൽ ചോലയിൽ കുഞ്ഞുമാമിവൈദ്യൻ നിരവധി ശിഷ്യന്മാരെ വൈദ്യം പഠിപ്പിച്ചിരുന്നു. കൊടുങ്ങല്ലൂർ കോവിലകം കൊച്ചുണ്ണിത്തമ്പുരാന്റെ കുടുംബവൈദ്യനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അഭിനവധന്വന്തരി എന്ന പേരിൽ പ്രസിദ്ധനായിരുന്നു അദ്ദേഹം. ശ്രീനാരായണഗുരുവുമായി അടുത്ത ബന്ധമുണ്ടായിരുന്നു അദ്ദേഹത്തിന്. ഈ ലോകത്ത് ആരോഗ്യത്തോടെ ജീവിക്കാൻ ആയുർവേദം പഠിക്കണമെന്ന് ശിഷ്യന്മാരോട് ഉപദേശിക്കുമായിരുന്നു. ശാസ്ത്രം പഠിക്കണമെങ്കിൽ അത് കുഞ്ഞുമാമിയുടെ അടുത്ത് പഠിക്കണമെന്ന് ഗുരു അഭിപ്രായപ്പെട്ടിരുന്നു. ശ്രീനാരായണഗുരുവിന്റെ ആദർശങ്ങളിലും തത്ത്വസംഹിതകളിലും ഉറച്ചു വിശ്വസിച്ചിരുന്ന അദ്ദേഹം ഗുരുവിനെക്കുറിച്ചു കവിതകൾ രചിച്ചിട്ടുണ്ട്. മാസങ്ങളോളം വർക്കല ശിവഗിരി ആശ്രമത്തിൽ താമസിച്ച് കുഞ്ഞുമാമിവൈദ്യൻ ശ്രീനാരായണഗുരുവിനെ ചികിത്സിച്ചിരുന്നു. നാട്ടികപ്രദേശങ്ങളിൽ വിഷൂചിക പടർന്നുപിടിച്ചപ്പോൾ വൈദ്യർ ഒട്ടനവധി രോഗികളെ മരണത്തിൽനിന്ന് രക്ഷിച്ചതിനെ ആസ്പദമാക്കി വിഷൂചികാസുദർശനം എന്ന ഒരു പുസ്തകം അദ്ദേഹം രചിച്ചിട്ടുണ്ട്. ആയുഷ്കാമീയംവ്യാഖ്യാനം, ആത്മബോധം, വിചാരചന്ദ്രോദയം, നരജന്മോദ്ദേശം, സാമൂഹ്യപ്രാർത്ഥന, വൃത്തിപ്രഭാകരം(തർജ്ജമ), തിരുക്കുറൾ(തർജ്ജമ) എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്.

ശ്രീ. കുഞ്ഞുമാമിവൈദ്യന്റെ പൗത്രനായ ഡോ.സുധാകരൻ ചോലയിൽ, ബ്രഹ്മശ്രീ ചോലയിൽ കുഞ്ഞുമാമിവൈദ്യർ എന്ന ഗ്രന്ഥത്തിൽ സ്മര്യപുരുഷന്റെ ജീവിതം അടയാളപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ മക്കളായ കെ.എം.വൈദ്യരും, ശങ്കരൻ വൈദ്യരും ഗുരുകുലസമ്പ്രദായത്തിൽ വൈദ്യം പഠിപ്പിച്ചിരുന്നു. പത്നിയുടെ മരണശേഷം അദ്ദേഹം സന്യാസജീവിതമായിരുന്നു നയിച്ചിരുന്നത്. എടമുട്ടത്ത് ഒരു ആശ്രമത്തിൽ താമസിച്ച് ശ്രീനാരായണഗുരുവിന്റെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ശിഷ്യന്മാരെ പഠിപ്പിച്ചു. ആ സമയത്താണ് അദ്ദേഹം വലിയൊരു ആയുർവേദഗ്രന്ഥരചനയിൽ ഏർപ്പെട്ടത്. നിർഭാഗ്യവശാൽ മുഴു

വൻ പുസ്തകങ്ങളും കണ്ടെത്താനായില്ല. സംസ്കൃതപണ്ഡിതൻ, പ്രശസ്തഭിഷഗ്വരൻ, സാമൂഹ്യപരിഷ്കർത്താവ്, കർമ്മനിരതനായ വേദാന്തി, മനുഷ്യസ്നേഹി, നിരവധിശിഷ്യന്മാരുടെ ഗുരുനാഥൻ എന്നീ നിലകളിലെല്ലാം കുഞ്ഞുമാമിവൈദ്യൻ പ്രസിദ്ധനാണ്. വൈദ്യരത്നം പി.എസ്.വാരിയർ, തൃപ്രങ്ങോട്ട് പരമേശ്വരൻ മൂസ്സത്, പി.എം. ഗോവിന്ദൻ വൈദ്യൻ, തൃക്കോവിൽ ഉഴുത്രവാരിയർ, അനന്തപുരത്തു മൂത്ത കോയിത്തമ്പുരാൻ, വെളുത്തേരി കേശവൻ വൈദ്യൻ എന്ന് തുടങ്ങിയ പണ്ഡിതശ്രേഷ്ഠരുമായി സൗഹൃദം പുലർത്തിയിരുന്നു സ്മര്യപുരുഷൻ.

1933 മാർച്ച് 3നാണ് അദ്ദേഹം സമാധിയടഞ്ഞത്. കോട്ടപ്പുറത്തു നിന്ന് ഗുരുവായൂർക്കുള്ള വഴിയിൽ അദ്ദേഹത്തിന്റെ സമാധിസ്ഥലത്ത് 1943ൽ ഒരു സമാധിമന്ദിരം പണികഴിപ്പിച്ചിട്ടുണ്ട്.

അവലംബം:

ബ്രഹ്മശ്രീ ചോലയിൽ കുഞ്ഞുമാമിവൈദ്യർ -
ഡോ. സുധാകരൻ ചോലയിൽ